**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 42** **27-01-2026-ൽ മറുപടിയ്ക്ക്**

**<u>ലൈഫ് പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

**(എ)** ലൈഫ് പദ്ധതി പ്രകാരം 2016 മുതൽ 2021 വരെ കാലയളവിൽ എത്ര പേർക്ക് വീട് നിർമ്മിച്ച് നൽകിയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** 2,87,784 കുടുംബങ്ങൾക്ക് വീട് അനുവദിച്ചിട്ടുണ്ട്.

**(ബി)** ഈ പദ്ധതിപ്രകാരം ഏതൊക്കെ വകുപ്പുകൾ വീട് നിർമ്മിച്ച് നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** ലൈഫ് ഒരു സമഗ്ര പദ്ധതിയാണ്.

ലൈഫ് ഗുണഭോക്തൃ പട്ടികകൾക്ക് പുറമെ വീടിനായി ഏതെങ്കിലും സർക്കാർ ധനസഹായ പദ്ധതിയുടെ ഗുണഭോക്താക്കളായി 2016 മാർച്ച് 31-ന് മുമ്പ് തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങളുമായോ ഇതര വകുപ്പുകളുമായോ കരാറിൽ ഏർപ്പെടുകയോ ആനുകൂല്യം കൈപ്പറ്റി ഭവന നിർമ്മാണം ആരംഭിക്കു കയോ ചെയ്യെങ്കിലും വിവിധ കാരണങ്ങളാൽ പൂർത്തീകരിക്കാത്ത ഭവനം ഉള്ളവരെയും ലൈഫ് പദ്ധതിയുടെ ഭാഗമായി പരിഗണി ച്ചിട്ടുണ്ട്. കൂടാതെ 2016-17 വർഷത്തിൽ പട്ടികജാതി വകുപ്പ്, പട്ടികവർഗ്ഗ വകുപ്പ്, ഫിഷറീസ് വകുപ്പ്, ന്യൂനപക്ഷ ക്ഷേമവകുപ്പ്, സൈനിക ക്ഷേമം എന്നിവ വകുപ്പുകൾ മുഖേനയും സഹായം അനുവദിച്ചിട്ടുണ്ട്. ലൈഫ് ഭവന പദ്ധതിയിൽ ഗുണഭോ ക്താക്കൾക്ക് നൽകുന്നത് 4 ലക്ഷം രൂപയാണ്. ആദിവാസി സങ്കേതങ്ങളി ലുള്ളവർക്ക് 6 ലക്ഷം രൂപയാണ് നൽകുന്നത്. PMAY ഗ്രാമീണിൽ 72,000 രൂപയും PMAY അർബനിൽ 1,50,000 രൂപയുമാണ് കേന്ദ്രവിഹിതം . ഈ ഗുണഭോക്താക്കൾക്കും ലൈഫ് സബ്സിഡി തുകയായ 4 ലക്ഷം/6 ലക്ഷം രൂപ സംസ്ഥാന സർക്കാരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് ഉറപ്പാക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**